**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഭാഗമായി ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്തു തിരിച്ചു പട്ടികയാക്കി അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഓരോ പഞ്ചായത്തിലും കുടിവെള്ളത്തിനായി പ്രയോജനപ്പെടുത്തുന്ന സ്രോതസ്സ് ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്തു തിരിച്ചു പട്ടികയാക്കി അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ? | (സി) | നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖലകളിൽ നിന്നും കണക്ഷൻ നല്കുന്ന പ്രവർത്തികൾ ഏകദേശം പൂർത്തീകരിച്ചു. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം (2) ആയി ചേർക്കുന്നു. പദ്ധതി നിർവ്വഹണത്തിനുള്ള പമ്പ് ഹൗസുകൾ, ജലസംഭരണികൾ മുതലായവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ പുതിയ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. വണ്ടന്മേട് ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. മറ്റു പഞ്ചായത്തുകളിൽ ജില്ലാ കളക്ടർ, ജനപ്രതിനിധികൾ, പഞ്ചായത്ത് അധികാരികൾ എന്നിവരുമായി യോജിച്ചു സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. സ്ഥല ലഭ്യത ഉറപ്പുവരുന്ന മുറയ്ക്ക് ഡിസൈൻ പൂർത്തീകരിച്ചു ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുന്ന സ്രോതസ്സ് |
|---|---|---|---|---|
| 1. | ശാന്തൻപാറ | 4737 | 3956.94 | ഇല്ലിത്തോട് |
| 2. | ഇരട്ടയാർ | 7755 | 6116.52 | ഇരട്ടയാർ ഡാം |
| 3. | വണ്ടൻമേട് | 8495 | 7385.31 | മുല്ലപ്പെരിയാർ |
| 4. | കരുണപുരം | 6906 | 7032.30 | മുല്ലപ്പെരിയാർ |
| 5. | നെടുങ്കണ്ടം | 6050 | 11676.67 | ഇടുക്കി ഡാം (അഞ്ചുരുളി) |
| 6. | പാമ്പാടുംപാറ | 5031 | 7624.12 | ഇടുക്കി ഡാം (അഞ്ചുരുളി) |
| 7. | രാജാക്കാട് | 2847 | 7478.79 | ഇല്ലിത്തോട്, പൊന്മുടി ഡാം |
| 8. | രാജകുമാരി | 5214 | 6797.14 | ഇല്ലിത്തോട്, പൊന്മുടി ഡാം |
| 9. | സേനാപതി | 4736 | 6058.64 | ഇല്ലിത്തോട്, പൊന്മുടി ഡാം |
| 10. | ഉടുമ്പൻചോല | 4208 | 7859.54 | പൊന്മുടി ഡാം |
| **ആകെ** | | **55979** | **71985.97** | |

**അനുബന്ധം (2)**

| **ക്രമ നമ്പർ** | **പഞ്ചായത്ത്** | **ഇതുവരെ നല്കിയ കണക്ഷനുകളുടെ എണ്ണം (24.06.2022)** |
|---|---|---|
| 1. | ഇരട്ടയാർ | 1671 |
| 2. | നെടുങ്കണ്ടം | 120 |
| 3. | പാമ്പാടുംപാറ | 35 |
| 4. | രാജാക്കാട് | 35 |
| 5. | രാജകുമാരി | 464 |
| **ആകെ** | | **2325** |